**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനം സർവ്വേ വിംഗിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം സർവേ വിംഗിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിലെ വനസംരക്ഷണത്തിന്റെ ഭാഗമായുള്ള എല്ലാവിധ സർവ്വെ ജോലികളും ഫോറസ്റ്റ് മിനി സർവ്വെ വിഭാഗമാണ് നടത്തി വരുന്നത്. സാങ്കേതിക വിഭാഗം ജീവനക്കാരെല്ലാം തന്നെ സർവ്വെ & ഭൂരേഖാ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിലും, മിനിസ്റ്റീരിയൽ ജീവനക്കാർ വനം വകുപ്പിൽ നിന്നും ഉള്ള കൂട്ടായ പ്രവർത്തനത്തിലൂടെയാണ് സർവ്വെ സംബന്ധിച്ച ജോലികൾ ഏകോപിപ്പിക്കുന്നത്. |
| (ബി) | നോട്ടിഫിക്കേഷൻ ഉൾപ്പെടെ തുടർനടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ വനമായി പിടിച്ചെടുത്ത വസ്തുവകകൾ കൈവശക്കാർക്ക് വിട്ടുകൊടുക്കേണ്ടിവന്ന അവസ്ഥയ്ക്ക് അറുതിവരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വനമായി പിടിച്ചെടുത്ത വസ്തുവകകൾ നോട്ടഫിക്കേഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | വനഭൂമി റീസർവേ നടത്തുവാൻ നടപടി ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഓരോ മുപ്പത് വർഷംതോറും റീസർവേ എന്ന നയം നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | റീ- സർവ്വെ നടത്തുന്നതിന് റവന്യൂ വകുപ്പ് തീരുമാനം കൈകൊണ്ടിട്ടുണ്ട്. സ്വകാര്യഭൂമിയാണ് ആദ്യം റീസർവ്വെ നടത്തുന്നത്. ആയതിന് ശേഷമാണ് സർക്കാർ ഭൂമിയുടെ റീസർവ്വെ നടത്തുന്നത്. ആയതിന് വനം വകുപ്പ് എല്ലാ രേഖകൾ സഹിതം തയ്യാറാണ്. |
| (ഡി) | വനംവകുപ്പിന് കീഴിൽ സർവേ ട്രെയിൻഡ് സ്റ്റാഫിനെ സ്ഥിരമായി നിയമിക്കാൻ നടപടി കൈക്കൊള്ളുമോ? | (ഡി) | വന സംരക്ഷണത്തിന്റെ ഭാഗമായുള്ള ഫീൽഡ് വിഭാഗം ജീവനക്കാരുടെ ജോലിയുടെ ഭാഗമാണ് സർവ്വെ. അത്തരത്തിലുള്ള ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സർവ്വെ പരിശീലനം നൽകി സർവ്വെ ജോലികൾ വന സംരക്ഷണത്തിന്റെ ഭാഗമായി നിലവിൽ നടത്തി വരുന്നുണ്ട്. ആയതിനാൽ, സർവ്വെ ട്രെയിംഡ് സ്റ്റാഫിനെ സ്ഥിരമായി നിയമിക്കേണ്ട ആവശ്യം നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ